# കേരള കാർഷിക സർവകലാശാല

**മെക്കാനിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര**

**കെ.എ.യു (പി.ഒ), തൃശ്ശൂർ - 680 656**

ഇമെയിൽ:msdvka@kau.in

ഫോൺ: 0487 2438626


എം.എസ്.ഡി(വി)/639/2024 തീയതി:- 14/08/2024

## പുന: ക്വട്ടേഷൻ നോട്ടീസ് നമ്പർ 02/2024-25

മെക്കാനിക്കൽ സബ് ഡിവിഷൻ ഓഫീസിന്റെ കീഴിൽ കാർഷിക സർവകലാശാലയിലെ വിവിധ കോളേജ്/സ്കൂൾ ട്രിപ്പുകൾക്കായി 2024-25 സാമ്പത്തിക വർഷത്തിലേയ്ക്ക് ഒരു ബസ് ഡ്രൈവറുടെയും അറ്റൻഡറുടെയും സേവനം ഉൾപ്പെടെ വാടകയ്ക്ക് നൽകുന്നതിന് താല്പര്യം ഉള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷനുകൾ മുദ്രവച്ച കവറിൽ ക്ഷണിച്ചു കൊള്ളുന്നു.

### നിബന്ധനകൾ

1. 12 വർഷത്തിലധികം കാലപ്പഴക്കമില്ലാത്ത വാഹനമായിരിക്കണം.
2. കേരള സർക്കാർ/മോട്ടോർ വാഹന വകുപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്ക് വേണമെന്ന് നിഷ്കർഷിക്കുന്ന സജ്ജീകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. (G.P.S. സംവിധാനം, First aid box, Speed governor, Fire extinguisher, Emergency exit facility door shutters etc.)
3. വാഹനത്തിന്റെ ഡ്രൈവർക്ക് 10 വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. ക്വട്ടേഷൻ ഉറപ്പിക്കുന്ന പക്ഷം ടിയാന്റെ ഡ്രൈവിങ്ങ് ലൈസൻസും, അനുബന്ധ രേഖകളും, താമസപരിധിയിലെ പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
4. കോളേജ്/സ്കൂൾ വിദ്യാർത്ഥികളുടെ യാത്രകൾക്കാണ് വാഹനം ഉപയോഗപ്പെടുത്തുന്നത് എന്നതിനാൽ അവധി ദിനങ്ങളുൾപ്പെടെ സർവകലാശാല സമയാസമയങ്ങളിൽ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് മുടക്കം വരാതെയും സമയബന്ധിതമായും സർവീസ് നടത്തേണ്ടതാണ്.
5. ഏതെങ്കിലും കാരണവശാൽ വാഹനത്തിനോ, ജീവനക്കാർക്കോ സർവീസ് നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ബദൽ സംവിധാനം ഏർപ്പാടാക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം കരാറുകാരനായിരിക്കും.
6. വാഹനത്തിലെ ജീവനക്കാർ യാത്രക്കാരോട് സൗമ്യമായും, മര്യാദയോടെയും പെരുമാറേണ്ടതാണ്.

7. വാഹനങ്ങളുടെ ഇന്ധനചെലവ്, അറ്റകുറ്റപണികൾക്കുള്ള ചെലവ്, വാഹനത്തിന്റെ ടാക്സ്, ഇൻഷുറൻസ്, പെർമിറ്റ്, ജീവനക്കാരുടെ വേതനം, മറ്റു ചെലവുകൾ എന്നിവ ഉൾപ്പെടെ കണക്കാക്കിയുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
8. സ്വീകരിക്കുന്ന ക്വട്ടേഷനിലെ നിരക്കിനു പുറമെ യാത്രക്കിടെ വാഹനത്തിനോ, ജീവനക്കാർക്കോ ഉണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾക്കുൾപ്പെടെ യാതൊരു തരത്തിലുള്ള ചെലവുകളും സർവകലാശാല വഹിക്കുന്നതല്ല. എന്നാൽ യാത്രക്കിടെ അംഗീകൃത ടോൾ അടക്കേണ്ടി വരുന്ന പക്ഷം കരാറുകാരൻ ടോൾ അടവാക്കി ബന്ധപ്പെട്ട രസീത് പ്രതിമാസം വൗച്ചറിനൊപ്പം കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത തുക ക്വട്ടേഷൻ നിരക്കിനു പുറമെ അനുവദിക്കുന്നതാണ്. കരാറുകാരനോ, ജീവനക്കാർക്കോ സർവകലാശാലയിൽ നിന്നും യാതൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.
9. ഓരോ യാത്രയിലും സഞ്ചരിക്കുന്ന ദൂരം ലോഗ്ബുക്കിൽ എഴുതി അതതു ദിവസം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്. ഓരോ മാസത്തെയും അവസാന പ്രവർത്തി ദിവസം വൗച്ചർ/ഇൻവോയ്സ് സമർപ്പിക്കേണ്ടതാണ്. യാതൊരു കാരണവശാലും മുൻകൂർ പണം അനുവദിക്കുന്നതല്ല.
10. മേൽപറഞ്ഞ നിബന്ധനകൾ പാലിക്കാത്ത പക്ഷം ഡ്രൈവറെ നീക്കം ചെയ്യുന്നതിനോ, കരാർ ഏതു സമയത്തും റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം കേന്ദ്രമേധാവിയിൽ നിക്ഷിപ്തമാണ്.
11. ലേലം കൊണ്ടയാൾ നിശ്ചിത മാതൃകയിൽ 200/- രൂപയുടെ മുദ്രപത്രത്തിൽ കരാർ ഉടമ്പടി ഒപ്പുവക്കേണ്ടതാണ്.

മേൽപറഞ്ഞ നിബന്ധനകൾക്ക് വിധേയമായി താഴെപറയുന്ന മാതൃകയിൽ ക്വട്ടേഷൻ തയ്യാറാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ സബ് ഡിവിഷൻ, കെ.എ.യു, വെള്ളാനിക്കര എന്ന വിലാസത്തിൽ 23.08.2024 തീയതി ഉച്ചക്ക് 3.30 മണിക്ക് മുൻപായി ലഭിക്കത്തക്കവിധം അയക്കേണ്ടതാണ്.

**<u>മാതൃക</u>**

| | | |
|---|---|---|
| 1. | വാഹനത്തിന്റെ രജിസ്ട്രേഷൻ. | |
| 2. | മിനിമം പ്രതിമാസ നിരക്ക്. | |
| 3. | മിനിമം ചാർജിന് പ്രതിമാസം ഓടുന്ന കി.മീ. | |
| 4. | തുടർന്നു വരുന്ന ഓരോ കിലോമീറ്ററിനും ആവശ്യപ്പെടുന്ന നിരക്ക്. | |

ക്വട്ടേഷൻ കവറിനു പുറത്ത് "വാഹനം വാടകക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. 23.08.2024 തീയതി ഉച്ചക്ക് 4.00-ന് സന്നിഹിതരായിരിക്കുന്ന ക്വട്ടേഷണർമാരുടെയോ, അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതാണ്. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷൻ

അംഗീകരിക്കുന്നതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പരമാധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും

സർക്കാർ ക്വട്ടേഷനിലെ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമാണ്. കൂടുതല് വിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയത്ത് കേന്ദ്രത്തിൽ നേരിട്ടോ 0487-2438626 എന്ന ടെലിഫോണ് നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

രാജേന്ദ്രപ്രസാദ് എസ്.
**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**

പകർപ്പ്:

1. നോട്ടീസ് ബോർഡ് (മണ്ണുത്തി & വെള്ളാനിക്കര).
2. കേരള കാർഷിക സർവകലാശാല വെബ്സൈറ്റ്.
3. കരുതൽ/ശേഖരം